# Malyala Manorama
# 25 August 2018
# Kuttanad; Rehabilitation in Kuttanad 28 to 30

## കുട്ടനാട്ടിൽ പുനരധിവാസം 28 മുതൽ 30 വരെ

■ **വീടുകൾ വാസയോഗ്യമാക്കുന്നതിനു തൊഴിലാളികളെ വൊളന്റിയർമാരാക്കും**

**മനോരമ ലേഖകൻ**

ആലപ്പുഴ ● കുട്ടനാട്ടിൽ പ്രളയ ബാധിതരായ പരമാവധി ജനങ്ങളെ 28 മുതൽ 30 വരെ മൂന്നു ദിവസങ്ങളിൽ പുനരധിവസിപ്പിക്കുമെന്നു മന്ത്രിമാരായ ടി.എം.തോമസ് ഐസകും ജി.സുധാകരനും അറിയിച്ചു. 28, 29 ദിവസങ്ങളിൽ ശുചീകരണത്തിനാണു പ്രാധാന്യം നൽകുന്നത്. വീടുകൾ വാസയോഗ്യമാക്കുന്നതിനു വിദഗ്ധ, അവിദഗ്ധ തൊഴിലാളികളെ വൊളന്റിയർമാരായി തിരഞ്ഞെടുക്കും. ആലപ്പുഴ ജില്ലയിലെ 5000 പേരെയും പുറത്തുനിന്നുള്ള 5000 പേരെയും വൊളന്റിയർമാരാക്കും. ക്യാംപുകളിൽ കഴിയുന്ന ചെറുപ്പക്കാരുൾപ്പെടെ 50,000 വൊളന്റിയർമാരെയാണു ശുചീകരണ പ്രവർത്തനങ്ങൾക്കു പ്രതീക്ഷിക്കുന്നത്. വൊളന്റിയർമാരാകാൻ താൽപര്യമുള്ളവർക്കു റജിസ്റ്റർ ചെയ്യാം: www.volunteer.canalpy.com

വൊളന്റിയർമാരെ തിരഞ്ഞെടുക്കുമ്പോൾ കല്ലാശാരി, മരയാശാരി, ഇലക്ട്രീഷ്യൻ, പ്ലമർ തുടങ്ങിയ തൊഴിലുകളിൽ വൈദഗ്ധ്യമുള്ളവർക്കു മുൻഗണന നൽകും. 13 പഞ്ചായത്തുകളിലെ വിവിധ വാർഡുകളിലെ ഓരോ ഗ്രൂപ്പിലും ഓരോ സ്കിൽ ഉള്ള ഒരാളെയെങ്കിലും വിന്യസിക്കും.

കുട്ടനാട്ടിൽ നിന്നു നീക്കം ചെയ്യുന്ന ചെളി സംഭരിച്ചു വളമായി ഉപയോഗിക്കാൻ ആലോചനയുണ്ട്. ശുചീകരണത്തിനായി 40 ടൺ നീറ്റുകക്ക സംഭരിച്ചു. ഹൈപ്രഷർ പമ്പുകൾ, ബ്ലീച്ചിങ് പൗഡർ തുടങ്ങിയവ ആവശ്യത്തിനു കരുതിയിട്ടുണ്ട്.

പാമ്പുകളെ പിടിക്കാൻ ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ വിദഗ്ധരെ രംഗത്തിറക്കും.

28 നു രാവിലെ എട്ടു മണിയോടെ സംഘാംഗങ്ങളെ ബോട്ടുകളിലും ബാർജുകളിലുമായി കുട്ടനാട്ടിലെ വിവിധ കേന്ദ്രങ്ങളിലെത്തിക്കും. പുറത്തുനിന്ന് എത്തുന്നവർക്കു വഞ്ചിവീടുകളിലുൾപ്പെടെ താമസ സൗകര്യമൊരുക്കും.

പഞ്ചായത്തു തലത്തിൽ ഹാളുകളാകും ആദ്യം വൃത്തിയാക്കുക. എസി റോഡ് മൂന്നു ദിവസത്തിനുള്ളിൽ ഗതാഗത യോഗ്യമാക്കും. എസി റോഡിലെ വെള്ളം വറ്റിക്കാൻ തായ്‌ലൻഡിലെ ഗുഹകളിൽ രക്ഷാപ്രവർത്തനം നടത്താനുപയോഗിച്ച ഉയർന്ന ശേഷിയുള്ള പമ്പുകൾ മൂന്നെണ്ണം ആലപ്പുഴയിൽ എത്തിച്ചിട്ടുണ്ട്.

● മടവീഴാത്ത പാടങ്ങളിൽ 28 നു മുൻപു വെള്ളം വറ്റിക്കും.

● വീടുകളുടെ ബലക്ഷയവും നാശവും സംബന്ധിച്ചു വിവരം ശേഖരിക്കും. 31 ന് കുട്ടനാട്ടിലെ ആരോഗ്യ സ്ഥിതി വിവരം ശേഖരിക്കും.

ശേഖരിക്കുന്ന വിവരങ്ങൾ മൊബൈൽ ആപ് വഴി ജില്ലാ കേന്ദ്രത്തിൽ അപ്പപ്പോൾ അറിയാൻ സംവിധാനമൊരുക്കും. 31 നു മുൻപ് ക്യാംപുകളുടെ എണ്ണം പരമാവധി ചുരുക്കും. ക്യാംപ് വിടുന്നവർക്കു ഭക്ഷ്യവസ്തുക്കളും അവശ്യവസ്തുക്കളും ഉൾപ്പെടെയുള്ള റേഷൻ കിറ്റ് നൽകും. ക്യാംപിൽ റജിസ്റ്റർ ചെയ്ത്, ക്യാംപിനു പുറത്തു താമസിക്കുന്നവർക്കും കിറ്റ് നൽകും. തകരാത്ത വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള പലിശരഹിത വായ്പ ബാങ്കുകൾ മുഖേന ലഭ്യമാക്കും.

● ചെറുകിട ധനസഹായങ്ങൾക്കായി കുടുംബശ്രീ പ്രത്യേക സംവിധാനമൊരുക്കും. ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനു മൂന്നു വർഷ കാലാവധിയിൽ പലിശരഹിത വായ്പകൾ കുടുംബശ്രീ ലഭ്യമാക്കും.

● പകർച്ചവ്യാധി പ്രതിരോധത്തിനായി ആശ പ്രവർത്തകർ, ആരോഗ്യ വകുപ്പ്, സാങ്കേതിക വിദഗ്ധർ എന്നിവരുടെ ടീമുകൾ സഹകരിച്ചു പ്രവർത്തിക്കും.